DWCD/6729/2025-ICDSB5

"ഭരണഭാഷ-മാതൃഭാഷ"

വനിതാ-ശിശു
വികസന വകുപ്പ്

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര
തിരുവനന്തപുരം
തീയതി: #ApprovedDate#
ഇമെയിൽ : directorate.wcd@kerala.gov.in
ഫോൺ : 0471-2346534

## സർക്കുലർ

വിഷയം: വനിത ശിശുവികസന വകുപ്പ്- നവംബർ 14-ശിശു ദിനാഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നത്-സംബന്ധിച്ച്--

പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ (ചാച്ചാജി) ജന്മദിനമായ നവംബർ 14 ശിശുദിനം ആയി ആചരിച്ചു വരുന്നു. എല്ലാ വർഷങ്ങളിലെയും പോലെ ഈ വർഷവും വൈവിധ്യമാർന്ന പരിപാടികളോടെ അങ്കണവാടി തലത്തിൽ ശിശുദിനാഘോഷ പരിപാടികൾ ചുവടെ പറയും പ്രകാരം സംഘടിപ്പിക്കേണ്ടതാണ്.

* ALMSC യോഗം ചേർന്ന് ശിശുദിനഘോഷപരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

* അങ്കണവാടി പരിസരത്ത് കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കി ശിശു ദിന റാലി സംഘടിപ്പിക്കേണ്ടതാണ്.

* ശിശുദിനം തീം പ്രകാരമുള്ള എല്ലാ പ്രീസ്കൂൾ പ്രവർത്തനങ്ങളും നടത്തേണ്ടതാണ്.

* പ്രീസ്കൂൾ കുട്ടികളുടെ കലാപരിപാടികൾ, ചിത്രരചന തുടങ്ങിയവ നടത്താവുന്നതാണ്.

ഗോത്ര മേഖലകൾ ഉൾപ്പെടെ എല്ലാ അങ്കണവാടികളിലും ശിശുദിനാഘോഷ പരിപാടികൾ വർണ്ണാഭമായി സംഘടിപ്പിക്കുന്നുണ്ടെന്നു ശിശുവികസനപദ്ധതി ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

ശിശുദിനാഘോഷങ്ങളുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ALMSC-യുടെ പങ്കാളിത്തത്തോടെയും പൊതുപ്രവർത്തകരുടെയും, ബന്ധപെട്ട തദ്ദേശ സ്വയം സ്ഥാപനങ്ങളുടെയും സഹായസഹകരണത്തോടെ സംഘടിപ്പിക്കുന്നതിന് പ്രോഗ്രാം ഓഫീസർമാർ, ശിശുവികസനപദ്ധതി ഓഫീസർമാർ, സൂപ്പർവൈസർമാർ എന്നിവർ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

ശിശുദിനാഘോഷ പരിപാടികളുടെ ജില്ലാതലത്തിലുള്ള ക്രോഡീകരിച്ച റിപ്പോർട്ട് നവംബർ 25-നകം wcdicdsb2@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ എല്ലാ പ്രോഗ്രാം ഓഫീസർമാരും ലഭ്യമാക്കേണ്ടതാണ്.

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും